# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 209 30/11/2015-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷി**

| ചോദ്യം<br>ശ്രീ. എം. ഹംസ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ 2012-15 വർഷക്കാലയളവിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി I പദ്ധതി വിജയകരമായി പൂർത്തിയാക്കി. തുടർന്ന് കൂടുതൽ ജനപങ്കാളിത്തത്തോടെ കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2015-18 കാലയളവിൽ മത്സ്യസമൃദ്ധി II എന്ന പേരിൽ പുതിയ പദ്ധതി സംസ്ഥാനത്ത് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. 110.73 കോടി രൂപ ധനസഹായം നൽകുന്ന തരത്തിലാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.<br><br>കേരളത്തിലെ ജലകൃഷിക്ക് അനുയോജ്യമായ 16000 ഹെക്ടർ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുക എന്നതാണ് മത്സ്യ സമൃദ്ധി II ലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഒന്നാം വർഷത്തിൽ (2015-16) ഓരോ ജില്ലയ്ക്കും അനുവദിച്ചു നൽകിയ ഘടക പദ്ധതികളുടെ ടാർജറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് സ്റ്റൈപ്പന്റോടുകൂടി മത്സ്യകൃഷിയിൽ പരിശീലനം നൽകുകയും തുടർന്ന് സർവ്വേ നടത്തി അനുയോജ്യമായ ശുദ്ധജല/ഓരുജല കൃഷിയിടങ്ങളിൽ വിത്ത് നിക്ഷേപം നടന്നുവരുന്നു.<br><br>പൊതു ജലാശയങ്ങളിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ മത്സ്യ സമൃദ്ധി പദ്ധതിയുടെ ഒന്നാം വർഷം 42 ലക്ഷം രൂപയുടെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ എഫ്.എഫ്.ഡി.എ. മുഖേന 36 ലക്ഷം രൂപയുടെ ഓരുജല മത്സ്യം/ ചെമ്മീൻ പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എഫ്.എഫ്.ഡി.എ. മുഖേന പുതിയ കുളം നിർമ്മാണം, പുനരുദ്ധാരണം ഇൻപുട്ട് സബ്സിഡി, മത്സ്യകർഷകർക്ക് ട്രെയിനിംഗ്, മത്സ്യഹാച്ചറി എന്നിവ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. |

സംസ്ഥാനാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി അഡാക്ക് മുഖേന പൊക്കാളി നിലങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു മീനും-കുട്ടനാട്-കോൾ നിലങ്ങളിൽ, കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയും 13-ാം ധനകാര്യകമ്മിഷൻ കുട്ടനാട്ട് പാക്കേജ് പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ഒരു നെല്ലും ഒരു മീനും പദ്ധതി, പെൻ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, കൂടുകളിലെ കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

വെള്ളായണി കായലിൽ സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി 12.75 ലക്ഷം രൂപ ചെലവഴിച്ച് 5 ഹെക്ടർ സ്ഥലത്ത് ഒരു മത്സ്യ സങ്കേതം സ്ഥാപിയ്ക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

13-ാം ധനകാര്യ കമ്മിഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണലിൽ 10 ഹെക്ടർ സ്ഥലത്ത് ഒരു മത്സ്യസങ്കേതം സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ച് വരുന്നു. സംസ്ഥാനത്തെ അണക്കെട്ടുകളിലും മറ്റു പൊതുജലാശയങ്ങളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിയ്ക്കുന്നതിനായി NFDB യുടെ ധനസഹായത്തോടുകൂടി കേരളത്തിലെ 18 ജലസംഭരണികളിൽ മത്സ്യവിത്തു നിക്ഷേപിക്കുന്നതിനുള്ള ബൃഹദ് പദ്ധതി നടപ്പിലാക്കി. കൂടാതെ നിറവു പദ്ധതി പ്രകാരം തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലും വടക്കൻ പറവൂറിലും ഓരുജല മത്സ്യകൃഷി നടപ്പിലാക്കി. കൂടാതെ നൂതന ജലകൃഷി രീതികൾകൾക്കായി മാതൃക ഫാമുകളുടെ വികസന പദ്ധതിയുടെ ഭാഗമായി അഡാക്കിന്റെ ആയിരംതെങ്ങ് ഫിഷ് ഫാമിലും പൊയ്യ ഫാമിലും ഓരുജല സമ്മിശ്ര മത്സ്യകൃഷിയും, ആയിരംതെങ്ങിലെ സമുദ്ര മത്സ്യങ്ങളുടെ കൂടുകൃഷിയും, ആലപ്പുഴ ജില്ലയിൽ ക്യാറ്റ് ഫിഷ് കൃഷി, എറണാകുളം ആലപ്പുഴ വയനാട്, പാലക്കാട്, കോട്ടയം ജില്ലകളിൽ ഗിഫ്റ്റ് തിലാപ്പിയ കൃഷിയും നടപ്പിലാക്കി വരുന്നു. അതിനുപുറമേ ആയിരംതെങ്ങ് ഫാമിൽ നൂതന ജലകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജല മത്സ്യകൃഷി, സമുദ്രജല മത്സ്യങ്ങളുടെ കൂടുകൃഷി, പെൻ മത്സ്യകഷി എന്നിവയും പൊയ്യ ഫാമിലെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി പൂമീൻ, കരിമീൻ, തിരുത, കാളാഞ്ചി, പൊംപാനോ, വനാമി എന്നിവയും കൃഷി ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ആർ.കെ.വി.വൈ പദ്ധതി പ്രകാരം സമഗ്ര കോൾ വികസന പദ്ധതിയുടെ ഭാഗമായി തൃശൂർ, മലപ്പുറം ജില്ലകളിൽ കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ച്/ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.

ഫിർമ വഴി ഏഴ് മത്സ്യ സങ്കേത പദ്ധതി നടപ്പിലാക്കി വരുന്നു. കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയിൽ ആറ്റുകൊഞ്ച് പുനരധിവാസ പദ്ധതി, പഴശ്ശി, മലമ്പുഴ റിസർവ്വോയറുകളിലും കൽപ്പുഴ തടാക ത്തിലും കൂടുകളിലെ മത്സ്യകൃഷി, ഭൂതത്താൻകെട്ട്, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളുടെ നിർമ്മാണം, അലങ്കാര മത്സ്യവിത്തുല്പാദന കേന്ദ്രം (എൻ.എഫ്.ഡി.ബി.) ധനസഹായം, അലങ്കാര മത്സ്യ കേന്ദ്രം, നെയ്യാർ എന്നിവ നടപ്പിലാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2012-15 വർഷക്കാലയളവിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി I പദ്ധതിയ്ക്ക് 14 ജില്ലകളിലായി 49.92 കോടി രൂപ ചെലവഴിച്ചു. 2015-18 കാലയളവിൽ നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതിയ്ക്ക് 110 കോടി രൂപ ധനസഹായം നൽകുന്ന തരത്തിലാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. പദ്ധതിയ്ക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ 38 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2015 ജൂൺ മാസം മുതൽ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. കൂടാതെ എഫ്.എഫ്.ഡി.എ. മുഖേന നാളിതുവരെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യ കൃഷി വർദ്ധിപ്പിക്കുന്നതിനായി 28 കോടി രൂപയും റാഞ്ചിംഗ് മുഖേന പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിന് 264 ലക്ഷം രൂപയും ചെലവഴിച്ചു.

മത്സ്യകൃഷിയ്ക്ക് ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ ഉറപ്പു വരുത്തുന്നതിനായി മത്സ്യവിത്ത് നിയമം രൂപീകരിച്ചു. നെയ്യാർ ഡാം (344 ലക്ഷം രൂപ), പള്ളം (203 ലക്ഷം രൂപ), പീച്ചി (284 ലക്ഷം രൂപ), ഭൂതത്താൻകെട്ട്(155 ലക്ഷം രൂപ) എന്നിവിടങ്ങളിൽ തദ്ദേശീയ മത്സ്യങ്ങളുടെ വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

തദ്ദേശീയ മത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിനായി പള്ളം, വയനാട് എന്നിവിടങ്ങളിൽ 100 ലക്ഷം രൂപ ചെലവഴിച്ച് അക്വാപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി അഡാക്ക് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) പാലക്കാട് ജില്ലയിലെ ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രത്യേക പദ്ധതികൾ ആണ് ആവിഷ്കരിച്ചിട്ടുള്ളത്; എത്ര തുക ഇതിനായി ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി മത്സ്യസമൃദ്ധി I ന്റെ ഭാഗമായി നടപ്പിലാക്കിയ ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.

മത്സ്യസമൃദ്ധി I ന്റെ ഭാഗമായി 239 ലക്ഷം രൂപയും മത്സ്യസമൃദ്ധി II ന്റെ ഭാഗമായി നാളിതുവരെ 125 ലക്ഷം രൂപയും ചെലവഴിച്ചു.

1. ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ചു കൃഷി

| | | |
|---|---|---|
| ഒന്നാം വർഷം (2012-13) | - | 921 ഹെക്ടർ |
| രണ്ടാം വർഷം (2013-14) | - | 997.61 ഹെക്ടർ |
| മൂന്നാം വർഷം (2014-15) | - | 1143.85 ഹെക്ടർ |

2. കരിമീൻ കൃഷി റിയറിംഗ് യൂണിറ്റ് (2012-15) - 4 യൂണിറ്റ്
3. അടുക്കളകുളം (2012-15) - 320 യൂണിറ്റ്
4. കുളങ്ങളിലെ കരിമീൻ കൃഷി (2012-15) - 12 ഹെക്ടർ
5. മത്സ്യകർഷക പരിശീലനം (2012-15) - 1385 കർഷകർക്ക് പരിശീലനം നൽകി.
6. പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം - 7 സൈറ്റുകളിലായി 9.30 ലക്ഷം വിവിധ ഇനത്തിൽപ്പെട്ട മത്സ്യവിത്തുകൾ നിക്ഷേപിച്ചു.
7. മത്സ്യത്തീറ്റ സബ്സിഡി വിതരണം - 581 കർഷകർക്ക് 1748125 രൂപ വിതരണം ചെയ്തു.
8. മത്സ്യസമൃദ്ധി II ന്റെ ഭാഗമായി ശുദ്ധജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം 1242.46 ഹെക്ടറിൽ പൂർത്തിയായി. ബാക്കി ഘടക പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പാലക്കാട് ജില്ലയിലെ പട്ടികജാതി വനിതകൾക്കു വേണ്ടിയുള്ള അലങ്കാര മത്സ്യക്കൃഷിയുടെ 10 യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരികയാണ്. പാലക്കാട് ജില്ലയിൽ 159 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിയ്ക്കുന്ന അക്വേറിയത്തിന്റെ പണികൾ ഡിസംബറിൽ പൂർത്തിയാകുന്നതാണ്. കൊല്ലങ്കോട് നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന മീങ്കരയിലുള്ള മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 140 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ചു കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും, പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 , 2015-16 എന്നീ വർഷങ്ങളിലായി 8.45 ലക്ഷം കുഞ്ഞുങ്ങൾ ഉത്പാദിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും | 53.63 |
| 2 | ഒരു നെല്ലും ഒരു മീനും പദ്ധതി<br>2012-13<br>2013-14<br>2014-15 | <br>10<br>10<br>10 |
| 3 | കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും<br>2012-13<br>2013-14<br>2014-14 | <br>90<br>90<br>90 |
| 4 | കൈപ്പാട് നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി<br>2012-13<br>2013-14<br>2014-15 | <br>200<br>200<br>200 |
| 5 | പൊക്കാളി പാടങ്ങളിലെ പരിസ്ഥിത സൗഹൃദ ചെമ്മീൻ കൃഷി<br>2012-13<br>2013-14<br>2014-15 | <br>100<br>100<br>100 |
| 6 | ജലസംഭരണികളിലെ മത്സ്യകൃഷി | 119 |
| 7 | വെള്ളായണി കായൽ പദ്ധതി | 10 |
| കുട്ടനാട് പാക്കേജ് | | |
| 8 | ആയിരംതെങ്ങ് ഫാമിൽ കരിമീൻ ഉല്പാദനം വർദ്ധിപ്പിക്കാനും ഫാമിനെ ഒരു കരിമീൻ വിത്തുല്പാദന കേന്ദ്രമാക്കി ഉയർത്താനും ഉള്ള പദ്ധതി | 8.166 (കോടി) |
| 9 | റാണി ചിത്തിര കായലിലും സമീപപ്രദേശങ്ങളിലെ കായലുകളിലെ റാഞ്ചിംഗ് | 100 |
| 10 | പാടശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി | 1782.2 |
| 11 | പൊതു ജലാശയങ്ങളിലെ വലവളപ്പുകളിലെ മത്സ്യകൃഷി | 54 |
| 12 | പരമ്പരാഗത മത്സ്യവിത്ത് സംരക്ഷണം | 30 |
| 13 | കൂടുകളിലെ മത്സ്യകൃഷി | 143.40 |
| നിറവ് പദ്ധതി | | |
| 14 | പൊക്കാളി പാടങ്ങളിലെ ഓരുജല മത്സ്യകൃഷി | 94.5 |
| 15 | കോൾ നിലങ്ങളിലെ ആറ്റുകൊഞ്ച് / മത്സ്യകൃഷി (ആർ.കെ.വി.വൈ) | 100 |
| 16 | നൂതന മത്സ്യകൃഷി | 50 |
| 17 | ഇന്നവേറ്റീവ് അക്വാകൾച്ചർ | 50 |
| 18 | ആയിരംതെങ്ങ് ഫാമിലെ നൂതന ജലകൃഷി പദ്ധതി | 15.50 |
| 19 | പൊയ്യ ഫാമിലെ പുനരുദ്ധാരണ പദ്ധതി | 30 |
| 20 | ഞാറയ്ക്കൽ ഫാമിലെ പെൻ കൾച്ചർ | 1.92 |

(signature)

സെക്ഷൻ ഓഫീസർ